**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **10-08-2023 - ൽ മറുപടിയ്ക്ക്**

**കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നഗരവനം പദ്ധതിയിൽ ഉൾപ്പെടുത്തി **2022-23**-ൽ ലഭ്യമായ **60** ലക്ഷം രൂപ വിനിയോഗിച്ച് കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ റോഡ് നവീകരണം, ആംഫി തിയറ്റർ, ടോയിലറ്റ്, പ്രവേശന കവാടം എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. |
| (ബി) | പ്രസ്തുത ഇക്കോടൂറിസം കേന്ദ്രത്തിൽ ദിവസേന ശരാശരി എത്ര സന്ദർശകരാണ് എത്തിക്കൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത ഇക്കോടൂറിസം കേന്ദ്രത്തിൽ ദിവസേന ശരാശരി 550-600 സന്ദർശകർ എത്തുന്നുണ്ട്. |
| (സി) | പ്രസ്തുത ഇക്കോടൂറിസം കേന്ദ്രത്തിൽ ട്രക്കിംഗ് വാഹനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ ട്രക്കിങ്ങിന് അംഗപരിമിതർക്കും മുതിർന്ന പൗരന്മാർക്കും വാഹന സൗകര്യം ഏർപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു. |
| (ഡി) | കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ ട്രക്കിങ്ങിന് വാഹനം അനുവദിക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഡി) | കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ ട്രക്കിങ്ങിന് അംഗപരിമിതർക്കും മുതിർന്ന പൗരന്മാർക്കും വാഹന സൗകര്യം ഏർപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ